Volume 07
Issue 05
26 June, 2016
Sleehakalam VII

Deut 4:10-14
Is 5:8-20
1Cor 16:1-14
Lk 13:22-30




# ഇടുങ്ങിയ വാതിൽ

Rev Bro
Abin
Chethipuzha

ദൈവരാജ്യത്തിലേയ്ക്കു പ്രവേശിക്കുവാനായി ഇടുങ്ങിയ വാതിലിലൂടെയുള്ള പ്രവേശനം ആവശ്യമാണെന്ന് ഇന്നത്തെ സുവിശേഷം നമ്മെ അനുസ്മരിപ്പിക്കുന്നു. എന്താണ് ഇടുങ്ങിയ വാതിൽ? ദൈവത്തിലാശ്രയിച്ചുകൊണ്ട് മാത്രം പ്രവേശിക്കാൻ സാധിക്കുന്ന ഒരു വാതിൽ. ദൈവത്തിൽ മാത്രം ആശ്രയിച്ചുകൊണ്ട് ജീവിക്കുന്ന ഒരു ജീവിതശൈലി. ഓരോ വ്യക്തിയും അവന്റെ വ്യക്തി ജീവിതവുമായി ബന്ധപ്പെടുത്തി യാത്ര ചെയ്യുവാനായി ദൈവം ഒരു ഇടുങ്ങിയ വാതിൽ രൂപപ്പെടുത്തിയിട്ടുണ്ട്. ആ വാതിലിലൂടെയാണോ നാം യാത്രചെയ്യുന്നത് എന്നു വിലയിരുത്തുവാൻ നമ്മെ സഹായിക്കുന്നതാണ് ഇന്നത്തെ സുവിശേഷം.

നമ്മുടെ ജീവിതവുമായി വളരെ ബന്ധമുള്ളതാണ് വാതിലുകൾ. വാതിലിലൂടെയാണ് നമ്മുടെ ജീവിതം മുഴുവൻ ഓരോ ദിവസവും കയറിയിറങ്ങുന്നത്. ചില വാതിലിലൂടെ പ്രവേശിക്കുമ്പോൾ നമ്മൾ ചെരിപ്പു ധരിക്കാറില്ല. ചില വാതിലിലൂടെ കയറുന്നതിനു മുമ്പായി മൊബൈൽ ഫോൺ ഓഫ് ചെയ്യും. ഇതുപോലെ ദൈവരാജ്യമാകുന്ന ഭവനത്തിന്റെ വാതിലിലൂടെ അകത്തേയ്ക്കു പ്രവേശിക്കണമെങ്കിൽ ഒരു ഉപേക്ഷയുടെ മനോഭാവം നമ്മുടെ ജീവിതത്തിലുണ്ടാകണം. എന്താണ് നാം ഉപേക്ഷിക്കേണ്ടത്? ചിലരെ സംബന്ധിച്ച് എവിടെയും ഒന്നാമനാകണം എന്ന ആഗ്രഹമായിരിക്കാം. അധികാരത്തോടും പ്രസിദ്ധിയോടുമുള്ള ആഗ്രഹമായിരിക്കാം. ഏത് മോശമായ മാർഗം ഉപയോഗിച്ചും പണം സമ്പാദിക്കണം എന്ന ആഗ്രഹമാകാം. ഇവയൊക്കെ ഉപേക്ഷിച്ചെങ്കിൽ മാത്രമേ ഈ വാതിലിലൂടെ ദൈവരാജ്യത്തിലേയ്ക്കു പ്രവേശിക്കുവാൻ സാധിക്കുകയുള്ളു.

രക്ഷയുടെയും ദൈവരാജ്യത്തിന്റെയും വാതിലുകൾ ചെറുതാണെന്നാണ് ഈശോ പഠിപ്പിക്കുന്നത്. ഈ ചെറിയ വാതിലിലൂടെ ഉപേക്ഷകൾ ഇല്ലാതെ പ്രവേകിക്കുവാൻ സാധ്യമല്ല. വചനം പറയുന്നുണ്ട്. കുഞ്ഞുങ്ങളെപോലെ ചെറുതാകുന്നവർക്കേ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയുള്ളു. കാരണം. നീ വലുതാകുന്നതിനനുസരിച്ച് നിന്റെ രക്ഷയും അപകടത്തിലാകും. നിന്റെ സമ്പത്ത് കൂടുന്നതിനനുസരിച്ച് നിന്റെ രക്ഷയും അപകടത്തിലാകാ

നുള്ള സാധ്യതയും കൂടുകയാണ്. ഇവയിൽ നിന്നൊക്കെ രക്ഷാകരമായ അകലം പാലിക്കുവാൻ നമ്മുക്ക് സാധിക്കണം. എങ്കിൽ മാത്രമേ ദൈവരാജ്യത്തിലേയ്ക്കു പ്രവേശിക്കുവാൻ നമ്മുക്ക് സാധിക്കു.

ചില വാതിലുകളുടെ മുമ്പിൽ ഒരു sign board ഉണ്ടാകും അനുവാതമില്ലാതെ അകത്തു പ്രവേശിക്കരുത്. നമ്മുക്ക് അകത്തു കയറണമെങ്കിൽ അകത്തുള്ളവർ നമ്മെ അറിയണം. നമ്മൾ യാത്രകഴിഞ്ഞ് അൽപം വൈകി നമ്മുടെ ഭവനത്തിൽ എത്തുമ്പോൾ കതകിൽ മുട്ടുമ്പോൾ നമ്മുടെ സ്വരം കേൾക്കുമ്പോൾ വീട്ടിലുള്ളവർ കതകുതുറന്നു തരും. കാരണം അവർക്ക് നമ്മെ അിറയാം. അപരിചിതരെ നമ്മൾ വീട്ടിൽ കയറ്റാറില്ല. ഇതുപോലെ ഇടുങ്ങിയ വാതിലിലൂടെ ദൈവരാജ്യത്തിലേയ്ക്കു പ്രവേശിക്കണമെങ്കിൽ ദൈവവുമായി നമ്മുക്ക് നല്ല ബന്ധം ആവശ്യമാണ്. ദൈവവുമായി ഒരു ബന്ധവുമില്ലെങ്കിൽ അവിടുന്ന് നമ്മോട് പറയും "നിങ്ങൾ എവിടെനിന്നാണെന്ന് ഞാൻ അിറയുന്നില്ല." ദൈവവുമായി ആഴമുള്ള ബന്ധത്തിലേയ്ക്കു കടന്നു വരുമ്പോഴാണ് അവിടുന്ന് നമ്മെ അറിയുകയും ദൈവരാജ്യത്തിലേയ്ക്കു പ്രവേശിക്കുവാൻ സാധിക്കുകയും ചെയ്യുക.

ക്രിസ്തുവിനുവേണ്ടിയും അവൻ ഉയർത്തിപ്പിടിച്ച മൂല്യങ്ങൾക്കുവേണ്ടിയും ജീവിക്കാൻ ശ്രമിക്കുന്നതിന്റെ പേരിൽ നിനക്ക് എത്രമാത്രം വിലകൊടുക്കേണ്ടി വന്നു? എന്തെല്ലാം ഉപേക്ഷിക്കേണ്ടി വന്നു? എത്രമാത്രം പീഡയനുഭവിക്കേണ്ടി വന്നു? എന്ന ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരമുള്ള ഒരു വിശ്വാസിയാണ് ദൈവവുമായി ബന്ധമുള്ള ഒരു ക്രിസ്ത്യാനി എന്നു പറയുക. ഇടുങ്ങിയ ജീവിത വഴികളിലൂടെ സഞ്ചരിച്ച് ക്രിസ്തുവിന്റെ മൂല്യങ്ങൾക്കുവേണ്ടി ജീവിച്ചവർ നമ്മുടെ മാനദണ്ഡമനുസരിച്ച് ജീവിതമൂല്യങ്ങളുടെ കാര്യത്തിൽ പിൻപൻമാരായിരിക്കാം. എന്നാൽ സ്വർഗ്ഗീയ പിതാവിന്റെ കണക്കു പുസ്തകത്തിൽ അവർ മുൻപൻമാരായിരിക്കും.

ഒരു കാലത്ത് ക്രിസ്തീയ വിശ്വാസത്തെയും ക്രിസ്ത്യാനികളെയും പീഡിപ്പിക്കുവാൻ ഇറങ്ങിത്തിരിച്ച പൗലോസ് തനിക്കുണ്ടായ വ്യക്തി പരമായ ദൈവാനുഭവത്തിന്റെ ഉറപ്പിൻമേൽ പറയുന്നു. 'ഞാൻ ക്രിസ്തുവിനോടു കൂടി ക്രൂശിതനായിരിക്കുന്നു. ഇനിമേൽ ഞാനല്ല ജീവിക്കുന്നത് എന്നിൽ ക്രിസ്തുവാണ് ജീവിക്കുന്നത്'. ക്രിസ്തു എന്നിൽ ജീവിക്കണമെങ്കിൽ പാപകരമായ ജീവിതാവസ്ഥ ഉപേക്ഷിച്ച് ക്രിസ്തു അറിയുന്ന വ്യക്തിയായി മാറണം. ക്രൈസ്തവ മൂല്യങ്ങൾ ഉയർത്തി പിടിച്ചുകൊണ്ട് മാത്രമേ ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ നമ്മുക്ക് സാധിക്കുകയുള്ളു.

ദൈവരാജ്യത്തിലേയ്ക്കു പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുമ്പോൾ നമ്മുക്ക് ആവശ്യമായ ശക്തിയും ധൈര്യവും നൽകുന്നത് വി. കുർബാനയാണ്. വിശുദ്ധിയോടെ വി. കുർബാന സ്വീകരിച്ച് ജീവിതത്തെ മുൻപോട്ട് നയിക്കുമ്പോൾ, പ്രതിസന്ധികളിലൂടെ യാത്രചെയ്യുമ്പോൾ വി കുർബാന നമ്മുക്ക് അനുഗ്രഹമായിത്തീരും.